മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2023 ജനവരി 19

# വാർത്താക്കുറിപ്പ് (2)

---

യൂനോയ 2023 സമാപിച്ചു

## ഗ്ലോബൽ അക്കാദമിക് കാർണിവൽ വലിയ മാറ്റത്തിന്റെ തുടക്കം- ഡോ എൻ. ജയരാജ്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഗ്ലോബൽ അക്കാദമിക് കാർണിവൽ -യൂനോയ 2023 വലിയ മാറ്റത്തിന്റെ തുടക്കമാണെന്ന് ഗവൺമെന്റ് ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് പറഞ്ഞു. കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ അക്കാദമിക് കാർണിവലിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നമ്മുടെ സർവകലാശാലകളിലും കോളജുകളിലും കാലത്തിനൊത്ത് അടിസ്ഥാനപരമായ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. പക്ഷെ ഇവ ഗുണഭോക്താക്കളായ പൊതുസമൂഹത്തിന്റെ മുന്നിൽ കൃത്യമായി അവതരിപ്പിക്കാൻ കഴിയുന്നില്ല. ഈ പരിമിതി മറികടക്കുന്നതിനുള്ള ഭാവനാപൂർണമായ പരിശ്രമമാണ് ഗ്ലോബൽ അക്കാദമിക് കാർണിവൽ.

ആഗോളതലത്തിൽ വിദ്യാഭ്യാസ മേഖലയിൽ അതിവേഗ മാറ്റങ്ങൾക്കൊപ്പം ഉയരുന്ന വെല്ലുവിളികളികളെ അതിജീവിക്കാൻ നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതു സംബന്ധിച്ച ഗൗരവതരമായി ചിന്തിക്കേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസ സാധ്യതകൾ തേടി യുവതലമുറ നാടുവിടുന്നതിന്റെ സാമൂഹിക പ്രത്യാഘാതങ്ങളും കണക്കിലെടുക്കണം. അവരുടെ ആവശ്യങ്ങൾക്കൊത്ത് അക്കാദമിക് മേഖല പൂർണമായും പുനസംഘടിപ്പിക്കേണ്ടതുണ്ട്. ഭാവിസാധ്യതകൾ തിരിച്ചറിഞ്ഞ് കരിക്കുലം

ക്രമീകരിക്കുന്നതിനുള്ള ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ നടത്തിവരുന്നത്- അദ്ദേഹം പറഞ്ഞു.

എല്ലാ വർഷവും അക്കാദമിക് കാർണിവൽ നടത്തുന്നതിലൂടെ കൂടുതൽ വിദ്യാർഥികളെയും അധ്യാപകരെയും സർവകലാശാലയിലേക്കും അഫിലിയേറ്റഡ് കോളജുകളിലേക്കും ആകർഷിക്കാനാകുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച മഹാത്മാ ഗാന്ധി സർവകലാശാലാ വൈസ് ചാന്സലർ പ്രഫ. സാബു തോമസ് പറഞ്ഞു. കാർണിവലിന് പൊതു സമൂഹത്തിൽനിന്നും വിദ്യാർഥികളിൽനിന്നും ലഭിച്ച പ്രതികരണവും ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശയങ്ങളും ക്രോഡീകരിച്ച് സംസ്ഥാന സർക്കാരിന് സമർപ്പിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

വൈസ് ചാൻസലറെ ഡോ. എൻ. ജയരാജ് ആദരിച്ചു. അഫിലിയേറ്റഡ് കോളജുകളെയും ചടങ്ങിൽ ആദരിച്ചു. അക്കാദമിക് കാർണിവലിന്റെ വിളംബര ഘോഷയാത്രയിൽ മികവു പുലർത്തിയ കോളജുകൾക്കും സർവകലാശാലാ വകുപ്പുകൾക്കും ചടങ്ങില് സമ്മാനങ്ങൾ വിതരണം ചെയ്തു.

കാലടി സംസകൃത സർവകലാശാലാ ചാന്സലർ പ്രഫ. എം.വി. നാരായണൻ, ജോബ് മൈക്കിൾ എം.എൽ.എ, പ്രോ വൈസ് ചാന്സലർ ഡോ. സി.ടി. അരവിന്ദകുമാർ, മുൻ എം.എൽ.എ സുരേഷ് കുറുപ്പ്, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബിജു തോമസ്, ഡോ. എ. ജോസ്, ഡോ. എസ്. ഷാജില ബീവി, യൂണിവേഴ്സിറ്റി യൂണിയന് ജനറൽ സെക്രട്ടറി യദുകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

(പി.ആർ.ഒ./39/ 89/2023)

## വിളംബര ഘോഷയാത്ര; സി.എം.എസ് കോളജിന് ഒന്നാം സ്ഥാനം

മഹാത്മാ ഗാന്ധി സർവകലാശാലാ ഗ്ലോബൽ അക്കാദമിക് കാർണിവൽ യുനോയ 2023ന്റെ വിളംബര ഘോഷയാത്രയിലെ മികച്ച ടീമിനുള്ള സമ്മാനം കോട്ടയം സി.എം.എസ് കോളജ് നേടി. കോട്ടയം ബി.സി.എം കോളജിനും ബസേലിയോസ് കോളജിനുമാണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ.

കുമരകം എസ്.എൻ കോളജ്, പത്തനംതിട്ട കാത്തോലിക്കേറ്റ് കോളജ്, എം.ജി. സർവകലാശാലയുടെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസ്, സിപാസ്, കോട്ടയം ബേക്കർ വനിതാ കോളജ് എന്നിവയ്ക്ക് പ്രോത്സാഹന സമ്മാനം ലഭിച്ച.

എൻ.സി.സി, നാഷണൽ സർവീസ് സ്കീം വിഭാഗങ്ങളിൽ ഒന്നാം സ്ഥാനം കോട്ടയം ബസേലിയോസ് കോളജിനാണ്. പത്തനംതിട്ട കാതോലിക്കേറ്റ് കോളജും കോട്ടയം ബി.സി.എം കോളജും എൻ.സി.സി വിഭാഗത്തിൽ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

ഈ വിഭാഗത്തിൽ പ്രോത്സാഹന സമ്മാനം പെരുമ്പാവൂർ മാർത്തോമ്മാ വനിതാ കോളജ്, പാലാ സെൻറ് തോമസ് കോളജ്, ചങ്ങനാശേരി അസംപ്ഷൻ കോളജ്, കോട്ടയം ഗവൺമെൻറ് കോളജ്, കുറവിലങ്ങാട് ദേവമാതാ കോളജ്, തിരുവല്ല മാർത്തോമാ കോളജ് എന്നിവയ്ക്കാണ്.

നാഷണൽ സർവീസ് സ്കീം വിഭാഗത്തിൽ കോട്ടയം സി.എം.എസ് കോളജും കോട്ടയം ബേക്കർ മെമ്മോറിയൽ വനിതാ കോളജും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ഏറ്റുമാനൂരപ്പൻ കോളജ്, മൂവാറ്റുപുഴ നിർമല കോളജ്, മാന്നാനം കെ.ഇ. കോളജ്, ചങ്ങനാശേരി അസംപ്ഷൻ കോളജ്, കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കോളജ് എന്നിവയ്ക്കാണ് പ്രോത്സാഹന സമ്മാനം. വിജയികൾക്ക് സമാപനച്ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

(പി.ആർ.ഒ./39/ 90/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**